# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370


## വാർത്താക്കുറിപ്പ്

**2024 മാർച്ച് 25**

---

## റിസർച്ച് അസ്സിസ്റ്റന്റ്

മഹാത്മാ ഗാന്ധി സർവകലാശാലയിൽ റൂസാ പ്രോജക്ടിൽ റിസർച്ച് അസിസ്റ്റന്റ് തസ്തികയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു.

ഏതെങ്കിലും സോഷ്യൽ സയൻസ് വിഷയങ്ങളിൽ(ഗാന്ധിയൻ സ്റ്റഡീസിനും ഡവലപ്മെന്റ് സ്റ്റഡീസിനും മുൻഗണന) ബിരുദാനന്തര ബിരുദവും യുജിസി നെറ്റും ആണ് അടിസ്ഥാന യോഗ്യത. ഫീൽഡ് ബേസ്ഡ് റിസർച്ച് പ്രോജക്ടുകളിലും, ട്രാൻസ്ക്രിപ്റ്റുകളും റിസർച്ച് റിപ്പോർട്ടുകളും തയ്യാറാക്കുന്നതിലുമുള്ള പ്രവൃത്തിപരിചയവും ഇംഗ്ലീഷ് പരിജ്ഞാനവും അഭി കാമ്യം.

സഞ്ചിത നിരക്കിൽ 25000 രൂപ ഓണറേറിയം ലഭിക്കും. നാലു മാസത്തേക്കുള്ള നിയമനം പ്രോജക്ട് തീരുന്നതു വരെ നീട്ടി നൽകിയേക്കാം. അപേക്ഷയും സിവിയും അനുബന്ധ രേഖകൾ സഹിതം ഒരു പിഡിഎഫ് ഫൈൽ ആയി manjusha@mgu.ac.in എന്ന മെയിലിൽ ഏപ്രിൽ ഒൻപതു വരെ അയയ്ക്കാം. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ. ഫോൺ- 9447887321

(പി.ആർ.ഒ/39/283/2024)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി/എം.എ പ്രോഗ്രാംസ്( ഇൻറഗ്രേറ്റഡ് എം.എ ഇൻ ലാംഗ്വേജ് - ഇംഗ്ലീഷ്, ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - ഫിസിക്സ്, കെമിസ്ട്രി, സ്റ്റാറ്റിസ്റ്റിക്സ്, ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഡേറ്റാ സയൻസ് 2021 അഡ്മിഷൻ റെഗുലർ, 2020

അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) പരീക്ഷകൾ ഏപ്രിൽ 15ന് ആരംഭിക്കും.

ഏപ്രിൽ രണ്ടു വരെ ഫീസ് അടച്ച് അപേക്ഷ സമർപ്പിക്കാം. ഏപ്രിൽ അഞ്ചു വരെ ഫൈനോടു കൂടിയും എട്ടു വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/284/2024)

## പരീക്ഷാ തീയതി

മൂന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി/എം.എ പ്രോഗ്രാംസ് ( ഇൻറഗ്രേറ്റഡ് എം.എസ്.സി ഇൻ ബേസിക് സയൻസ് - സ്റ്റാറ്റിസ്റ്റിക്സ്, കെമിസ്ട്രി, ഫിസിക്സ്, ഇന്റഗ്രേറ്റഡ് എം.എസ്.സി ഇൻ കമ്പ്യൂട്ടർ സയൻസ് - ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻറ് മെഷീൻ ലേണിംഗ്, ഡേറ്റാ സയൻസ്, ഇൻറഗ്രേറ്റഡ് എം.എ ഇൻ ലാംഗ്വേജ് - ഇംഗ്ലീഷ് (2021 അഡ്മിഷൻ റെഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറും സപ്ലിമെൻററിയും) പരീക്ഷകൾ ഏപ്രിൽ എട്ടിന് ആരംഭിക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/285/2024)

## പ്രാക്ടിക്കൽ

ആറാം സെമസ്റ്റർ ബി.വോക് സോഫ്റ്റ്‌വെയർ ഡെവലപ്മെൻറ് ആൻറ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ(2021 അഡ്മിഷൻ റഗുലർ, 2018,2019,2020 അഡ്മിഷനുകൾ റീഅപ്പിയറൻസ് - മാർച്ച് 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഏപ്രിൽ എട്ടു മുതൽ മാറമ്പള്ളി എംഇഎസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/286/2024)

## പരീക്ഷാ ഫലം

ഒന്നാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ് (2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മെയ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ എട്ടു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

........................

ഒന്നാം സെമസ്റ്റർ എം.എസ്.സി ബോട്ടണി(2017,2018 അഡ്മിഷനുകൾ സപ്ലിമെൻററി, 2014,2015,2016 അഡ്മിഷനുകൾ മെഴ്സി ചാൻസ് - മെയ് 2023) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ അഞ്ചു വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/287/2024)

**പബ്ലിക് റിലേഷൻസ് ഓഫീസർ**